അദ്ധ്യാപകരെ പിരിച്ചുവിട്ടതായി പരാതി

1302 [2083] ശ്രീ. ഒ. ലൂക്കോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് സ്കൂൾ മാനേജർ സബ്ജക്ട് റികഗ്നയർമെന്റ് അനുസരിച്ച് അദ്ധ്യാപകരെ നിയമിക്കുകയും സബ്ജക്ട് റികഗ്നയർമെന്റ് ശരിയാണെന്ന് ഡി. ഇ. ഒ. സമ്മതിക്കുകയും ചെയ്തിട്ടുള്ള കേസുകളിൽ ഗവൺമെന്റ് ഇടപെട്ട് നിയമനം നിഷേധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അങ്ങനെ ആരുടെയെങ്കിലും നിയമനം നിഷേധിക്കുകയും വർഷങ്ങളായി ജോലിനോക്കിയ ശേഷം ഒരു പ്രതിഫലവും ലഭിക്കാതെ പിരിഞ്ഞു പോയിട്ടുള്ളതായി ഏതെങ്കിലും കേസുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇപ്രകാരം പിരിഞ്ഞുപോയിട്ടുള്ള അദ്ധ്യാപകർക്ക് ജോലി ചെയ്തിരുന്ന കാലത്തെ ശമ്പളം കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇത്തരത്തിൽ പിരിഞ്ഞുപോകേണ്ടിവന്ന അദ്ധ്യാപകർക്ക് അതേ മാനേജുമെന്റിൽ തുടർന്നുണ്ടാകുന്ന ഒഴിവുകളിൽ നിയമനത്തിന് മുൻഗണന നൽകുമോ?

ഉത്തരം

(എ, ബി, സി) മറ്റുപാധികളെല്ലാം ശരിയാണെങ്കിൽ സബ്ജക്ട് റേഷ്യോക്കനുസരിച്ച് നിയമനം നടത്തിയാൽ സാധാരണ ഗതിയിൽ ഹൈസ്കൂളദ്ധ്യാപകരുടെ നിയമനം അംഗീകരിക്കാറുണ്ട്, ഡി. ഇ. ഒ. തെറ്റായി അംഗീകാരം നൽകിയത് ശ്രദ്ധയിൽപ്പെട്ടാൽ മേഖലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ഗവൺമെന്റ് എന്നിവർ ഇടപെടാറുണ്ട്. ഇങ്ങനെയുള്ള ചില കേസുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ ശമ്പളം ലഭിക്കാത്ത ചില അദ്ധ്യാപകരും ഉണ്ടാകാറുണ്ട്. ഇവർക്ക് ശമ്പളം അനുവദനീയമാണെങ്കിൽ കൊടുക്കാറുണ്ട്.

(ഡി) മുൻ സർവ്വീസ് അംഗീകരിച്ചിട്ടുണ്ടെങ്കിൽ പുനർനിയമനത്തിന് അവകാശമുണ്ട്.

കായികാദ്ധ്യാപക പരിശീലന കോളേജ്

1303 [2084] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ന് എവിടെയെങ്കിലും കായികാദ്ധ്യാപക പരിശീലന കോളേജ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ അത്തരം ഒരു കോളേജ് തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഇല്ല. എന്നാൽ കോഴിക്കോട്ടുള്ള കായിക വിദ്യാഭ്യാസ കോളേജ് തുറന്നു പ്രവർത്തിക്കുന്നതിനുവേണ്ട നിർദ്ദേശം നൽകി കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly